I ഇ.ബി. XIV-കേരള നിയമസഭ /XIV-4

**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2019 ജനുവരി 31, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I **ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു. തുടർന്ന്, 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും 2019-2020 മുതൽ 2021-2022 വരെയുള്ള Medium Term Fiscal Policy (Strategy) Statement-ഉം നാലാമത് കേരള പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ 2016-2017 വർഷത്തേയ്ക്കുള്ള

മൂന്നാമത് റിപ്പോർട്ട് കാലതാമസപത്രിക സഹിതവും കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ 2017-2018 സാമ്പത്തികവർഷത്തെ ആനുവൽ റിപ്പോർട്ടും ആനുവൽ അക്കൗണ്ട്സും ഫിഡലിറ്റി സർട്ടിഫിക്കറ്റും മേശപ്പുറത്തുവച്ചു.

രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.47-ന് പൂർത്തിയാക്കി.

മി. സ്പീക്കർ: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് മെമ്പർമാർക്ക് എം.എൽ.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്ന് ലഭിക്കുന്നതാണ്.

## II അറിയിപ്പ്

### ചലച്ചിത്ര പ്രദർശനം

കേരളത്തിലുണ്ടായ പ്രളയദുരന്ത പശ്ചാത്തലത്തിൽ പ്രകൃതി പിക്ചേഴ്സിന്റെ ബാനറിൽ ശ്രീ. ജയരാജ് സംവിധാനം ചെയ്ത 'രൗദ്രം - 2018' എന്ന ചലച്ചിത്രത്തിന്റെ പ്രത്യേക പ്രദർശനം സാമാജികർക്കായി ഇന്ന് ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ

ഒരുക്കിയിട്ടുണ്ട്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.50-ന് പിരിഞ്ഞു.

--------